**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **08-02-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ ഈ സാമ്പത്തിക വർഷം നടത്തിയ സിറ്റിംഗിന്റെ എണ്ണവും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണവും അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കമ്മീഷൻ മുമ്പാകെ 90,000 അപേക്ഷകൾ കെട്ടിക്കിടക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | കോവിഡ്-19 മഹാമാരി മൂലം സിറ്റിംഗുകൾ നിർത്തി വയ്ക്കേണ്ടതായി വന്നിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07.01.2022ൽ ഈ സർക്കാർ അനുമതി നൽകി. ടി 33526 അപേക്ഷകൾ കൂടി പരിഗണിക്കേണ്ടി വന്നതാണ് അപേക്ഷകളുടെ എണ്ണം കൂടാൻ കാരണം. ലോക്ക്ഡൗണിനുശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>31.01.2023ൽ തീർപ്പാക്കുവാൻ ഇനി അവശേഷിക്കുന്നത് 75781 അപേക്ഷകളാണ്. |
| (സി) | കമ്മീഷൻ ശിപാർശ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ഇരുന്നൂറ് കോടി രൂപ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (സി) | കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺ വരെയുള്ള കടാശ്വാസ തുക ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. 2022 ജൂലൈ മാസം മുതൽ ലഭ്യമായ റിപ്പോർട്ടുകളിന്മേൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ കാലതാമസം ഒഴിവാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുന്നതിനു മുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ നടപടികൾ പരിശോധിച്ചു വരികയാണ്. |
| (ഡി) | കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനും അവ തീർപ്പാക്കാനും നടപടി സ്വീകരിക്കുമോ? | (ഡി) | കോവിഡ്-19 മഹാമാരി മൂലം സിറ്റിംഗുകൾ നിർത്തി വെയ്ക്കേണ്ടതായി വന്നിരുന്നു. ലോക്ക്ഡൗണിനുശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>31.01.2023ൽ തീർപ്പാക്കുവാൻ ഇനി അവശേഷിക്കുന്നത് 75781 അപേക്ഷകളാണ്.<br><br>കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പയുടെ തീയതി ഇടുക്കി, വയനാട് ജില്ലകളിൽ 31.08.2020 വരെയും മറ്റ് ജില്ലകളിൽ 31.03.2016 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 30.06.2023 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ജില്ല** | **സിറ്റിംഗുകളുടെ എണ്ണം** | **തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 13 | 5124 |
| കൊല്ലം | 2 | 191 |
| കോട്ടയം | 1 | 22 |
| ഇടുക്കി | 12 | 6001 |
| വയനാട് | 6 | 2848 |
| പത്തനംതിട്ട | 2 | 224 |
| എറണാകുളം | 2 | 22 |
| പാലക്കാട് | 12 | 4284 |
| മലപ്പുറം | 2 | 187 |
| കോഴിക്കോട് | 3 | 1222 |
| തൃശൂർ | 1 | 250 |
| ആലപ്പുഴ | 1 | 416 |
| കണ്ണൂർ | 6 | 2737 |
| കാസർഗോഡ് | 11 | 4939 |
| **ആകെ** | **74** | **28467** |

**സെക്ഷൻ ഓഫീസർ**